# ACHARYA

An influential mentor

# WEEKLY EDITORIAL ANALYSIS – THE HINDU

O7/03/22 - 12/03/22

www.acharyainfo.com

# 'Quadrilateral queasiness' – 7-3-22

ഈയിടെ നടന്ന 'ക്വാഡിലാറ്ററൽ സുരക്ഷാ ചർച്ച'യിൽ അംഗരാജ്യങ്ങൾ ഇൻഡോ-പസഫിക്കിലെ വിഷയങ്ങളോടൊപ്പം തന്നെ റഷ്യയുടെ യുക്രൈൻ അക്രമവും ചർച്ച ചെയ്യുകയുണ്ടായി. ചർച്ചക്ക് ശേഷം ഉണ്ടായ സംയുക്ത പ്രസ്താവനയിൽ സ്വതന്ത്രവും തുറന്നതുമായ ഇൻഡോ-പസഫിക് എന്ന തങ്ങളുടെ ലക്ഷ്യം ഊന്നിപ്പറയുകയും ചെയ്തു. ഉക്രൈനിലെ റഷ്യൻ ആക്രമണത്തെ ഇന്ത്യ പരസ്യമായും ശക്തമായും അപലപിക്കാൻ തയ്യാറാകാത്ത സാഹചര്യത്തിലാണ് 'ക്വാഡ്' യോഗം നടന്നത്. ഇന്ത്യ ഒഴികെയുള്ള 'ക്വാഡ്' അംഗരാജ്യങ്ങൾക്ക് അതിൽ ആശങ്കയും ഉണ്ട്. ഇന്ത്യ ഒഴികെയുള്ള അംഗരാജ്യങ്ങൾ റഷ്യയെ ശക്തമായി അപലപിച്ചിട്ടുണ്ട്. എന്നാൽ ഇന്ത്യ അപ്രകാരം ചെയ്തിട്ടില്ലെന്ന് മാത്രമല്ല റഷ്യക്കെതിരെയുള്ള ഐക്യരാഷ്ട്ര സഭ പ്രമേയത്തിൽ വോട്ട് ചെയ്യാതെ വിട്ടുനിൽക്കുകയും ചെയ്തിരുന്നു.

ഇപ്പോഴും ചേരി-ചേരാ നയം ഉപേക്ഷിക്കാതിരിക്കുകയും ഏറ്റവും അടുത്ത പ്രതിരോധ-പങ്കാളി റഷ്യയായി തുടരുകയും ചെയ്യുന്ന സാഹചര്യത്തിൽ റഷ്യയുടെ യുക്രൈൻ ആക്രമണം ഇന്ത്യയെ സംബന്ധിച്ചിടത്തോളം വലിയ നയതന്ത്ര ചോദ്യം ഉയർത്തുന്ന സാഹചര്യമാണ്.

നിയമാനുസൃത-അന്താരാഷ്ട്ര ക്രമം സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ഇന്ത്യയും അമേരിക്കയും പല അന്താരാഷ്ട്ര വേദികളിലും ചർച്ച ചെയ്യുന്ന സാഹചര്യത്തിൽ ചേരി-ചേരാ നയം സ്വീകരിച്ചു പോന്നിരുന്ന രാജ്യങ്ങളെ ഉൾപ്പെടെ തങ്ങളുടെ ചേരിയിൽ ചേർത്താനുള്ള 'നാറ്റോ'യുടെയും റഷ്യയുടെയും ശ്രമം ഇന്നത്തെ അന്താരാഷ്ട്ര ക്രമത്തിന് ചേരുന്ന ഒന്നല്ല. ചൈനയുടെ സ്വാധീനം തടയാനുള്ള 'ക്വാഡ്'ൽ ഇന്ത്യ അംഗമായതും ചൈനക്കെതിരെയുള്ള ചേരിയിൽ അംഗമാകുന്നതിന്റെ ഭാഗമായിട്ടല്ല.

റഷ്യക്കെതിരെയുള്ള ഐക്യരാഷ്ട്രസഭ പ്രമേയത്തിന്റെ വോട്ടെടുപ്പിൽ നിന്നും ഇന്ത്യ മാറിനിന്നു

റഷ്യയുടെ ഉക്രൈൻ ആക്രമണത്തെ കുറിച്ച് അന്വേഷണം നടത്താൻ ഒരു അന്താരാഷ്ട്ര കമ്മീഷൻ രൂപീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഐക്യരാഷ്ട്ര സഭയുടെ മനുഷ്യാവകാശ കമ്മീഷന്റെ പ്രമേയത്തിലുള്ള വോട്ടെടുപ്പിൽ നിന്നും ഇന്ത്യ വിട്ടു നിന്നു.

ACHARYA
An influential mentor

റഷ്യക്കെതിരെ ഐക്യരാഷ്ട്ര സഭയുടെ ജനറൽ അസ്സംബ്ലിയിൽ കൊണ്ടുവന്ന പ്രമേയത്തിന്റെ വോട്ടെടുപ്പിൽ നിന്നും ഇന്ത്യ വിട്ടു നിന്നിരുന്നു.

## ‘Terror in Peshawar’ - 8-3-22

പാകിസ്ഥാനിലെ പെഷവാറിലെ ഷിയാ പള്ളിയിൽ ഉണ്ടായ തീവ്രവാദ അക്രമം സൂചിപ്പിക്കുന്നത് അഫ്ഗാനിസ്ഥാനിൽ താലിബാൻ ഭരണം നിലവിൽ വന്നതും ഒപ്പം പാകിസ്ഥാനിൽ നിരന്തരമായി ഷിയാ മുസ്ലിം വിഭാഗം പീഡിപ്പിക്കപ്പെടുന്നതും അവിടെ ഗൗരവമേറിയ സുരക്ഷാ പഴുതുകൾ സൃഷ്ടിക്കുന്നു എന്നാണ്. 2021 ആഗസ്റ്റ് മാസത്തിൽ അഫ്ഗാനിസ്ഥാന്റെ ഭരണം താലിബാൻ പിടിച്ചെടുത്തതിന് ശേഷം അഫ്ഗാനിസ്ഥാനിൽ നിരവധി ആക്രമണങ്ങളാണ് ഇസ്ലാമിക് സ്റ്റേറ്റ് നടത്തിയിട്ടുള്ളത് അഥവാ ആക്രമണങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുത്തിട്ടുള്ളത്. ഷിയാ വിഭാഗക്കാരോട് വംശീയമായ വിദ്വേഷം പുലർത്തുന്ന സംഘടനയാണ് ഇസ്ലാമിക് സ്റ്റേറ്റ്. ഇറാഖിലും സിറിയയിലും ഷിയാ വിഭാഗക്കാർ ഇസ്ലാമിക് സ്റ്റേറ്റിന്റെ നിരവധി ആക്രമണങ്ങൾ നേരിട്ടിട്ടുണ്ട്. താലിബാൻ ഭരണം അഫ്ഗാനിസ്ഥാനിൽ ഇസ്ലാമിക് സ്റ്റേറ്റിന് കൂടുതൽ ശക്തി പകർന്ന സാഹചര്യം ആണ് നിലവിലുള്ളത്.

ACHARYA
An influential mentor

പെഷവാറിലെ ഇപ്പോഴത്തെ അക്രമം സൂചിപ്പിക്കുന്നത് പാകിസ്ഥാനിലേക്ക് അഫ്ഗാനിസ്ഥാനിൽ നിന്നും അതിർത്തി കടന്ന് ഇസ്ലാമിക് സ്റ്റേറ്റ് തീവ്രവാദം പരക്കുന്നു എന്നാണ്. പാകിസ്ഥാനിലെ ജനസംഖ്യയുടെ 20 ശതമാനത്തോളം വരുന്ന ഷിയാ വിഭാഗക്കാർ വലിയ രീതിയിൽ ഭരണകൂടത്തിന്റെ ഭാഗത്തുനിന്ന് തന്നെ വേർതിരിവ് നേരിടുന്ന സാഹചര്യം ഉണ്ട്. പാകിസ്ഥാനിൽ നിലവിലുള്ള ഷിയാ വിരുദ്ധത ഇസ്ലാമിക് സ്റ്റേറ്റിന് അനുകൂലമാകും.

## 'Clear signals' - 9-3-22

അമേരിക്കയുടെ ഇൻഡോ-പസഫിക് തന്ത്രങ്ങൾ 'നാറ്റോ'യുടെ ഇൻഡോ-പസഫിക് രൂപഭേദമാണെന്ന് ചൈന ആരോപിക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായി. അതുകൊണ്ടുതന്നെ ഇന്ത്യയും അമേരിക്കയും ജപ്പാനും ആസ്ത്രേലിയയും ചേരുന്ന 'ക്വാഡിലാറ്ററൽ' കൂട്ടുകെട്ടിനെ ഏഷ്യൻ-നാറ്റോ എന്നാണ് ചൈന വിശേഷിപ്പിക്കുന്നത്. നിലവിലെ ആഗോള സാഹചര്യത്തിൽ ചൈനയുടെ ഈ പ്രസ്താവനകൾക്ക് പ്രാധാന്യം കൂടിവരുന്നുണ്ട്.

റഷ്യ-യുക്രൈൻ യുദ്ധത്തിൽ നിഷ്പക്ഷ സ്ഥാനത്താണെന്ന് പറയുമ്പോഴും യുദ്ധത്തിന് കാരണമായി മാറിയത് 'നാറ്റോ' ആണെന്ന് ചൈന നിരന്തരമായി ആരോപിക്കുകയും തങ്ങളുടെ റഷ്യയുമായുള്ള ബന്ധം ശക്തമാണെന്ന് പറയുകയും ചെയ്യുന്നുണ്ട്. യൂറോപ്പിൽ 'നാറ്റോ'ക്ക് അംഗരാജ്യങ്ങൾ കൂടിവരുന്നതിൽ റഷ്യക്കുള്ള ആശങ്ക ചൈനയും പങ്കുവെക്കുന്നു. പകരമായി അമേരിക്കയുടെ ഇൻഡോ-പസഫിക് തന്ത്രങ്ങളെ റഷ്യ വിമർശിക്കുകയും ചെയ്യുകയാണ്. നിലവിൽത്തന്നെ ശക്തമായ ചൈന-റഷ്യ ബന്ധം ഈ സാഹചര്യത്തിൽ റഷ്യ-ചൈന അച്ചുതണ്ടായി മാറുന്ന സാഹചര്യമാണ്.

'ക്വാഡ്'ൽ അംഗത്വം ഉള്ളതുൾപ്പെടെ അമേരിക്കയുമായുള്ള ഇന്ത്യയുടെ ബന്ധം ചൂണ്ടിക്കാണിച്ചുകൊണ്ട് ഇന്ത്യ അമേരിക്കയുടെ സഖ്യകക്ഷിയായാണെന്നാണ് ചൈന ആരോപിക്കുന്നത്. ഈ ആരോപണത്തെ ഇന്ത്യ ശക്തമായി നിഷേധിക്കുന്നുണ്ട്. ഒപ്പം 'ക്വാഡ്' ഒരു സൈനിക കൂട്ടുകെട്ടല്ല എന്നും ഇന്ത്യ ആവർത്തിക്കുന്നു. 2020 ൽ യഥാർത്ഥ നിയന്ത്രണ രേഖയിൽ ചൈനയുടെ ഭാഗത്തു നിന്നുണ്ടായ കടന്നുകയറ്റം, ശക്തമായി വരുന്ന ഇന്ത്യ-അമേരിക്ക ബന്ധത്തിനെതിരെയുള്ളതാണെന്ന് പല വിദഗ്ദരും കരുതുന്നു. എന്നാൽ അതിനു ശേഷം അമേരിക്കയുമായും 'ക്വാഡു'മായും മാത്രമല്ല ഇൻഡോ-പസഫികിലെ മറ്റു രാജ്യങ്ങളുമായും ഉള്ള ബന്ധം കൂടുതൽ ശക്തമാക്കിക്കൊണ്ടാണ് ഇന്ത്യ മറുപടി പറഞ്ഞത്. ഇന്ത്യ-ചൈന ബന്ധം മെച്ചപ്പെടുന്നതിന് ആഗോള തലത്തിലുള്ള മാറുന്ന സാഹചര്യങ്ങൾകൂടി വിശാലമായ അർത്ഥത്തിൽ ഇരു രാജ്യങ്ങളും ചർച്ച ചെയ്യേണ്ടതുണ്ട്.

ACHARYA
An influential mentor